## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2704 18/08/2017-ൽ മറുപടിയ്ക്ക്

## എൽ.പി./യു.പി സ്കൂളുകളിൽ മികവിന്റെ കേന്ദ്രം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എൽ.പി./ യു.പി സ്കൂളുകളിൽ മികവിന്റെ കേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പട്ടിക സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു എൽ.പി/യു.പി സ്കൂളെന്ന കണക്കിൽ നിയമസഭാ സാമാജികർ തെരഞ്ഞെടുത്ത് നൽകിയ സ്കൂളുകളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തെ എൽ.പി./ യു.പി സ്കൂളുകളെ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പദ്ധതി സംസ്ഥാനത്തെ ഏതെങ്കിലും സ്കൂളിൽ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ പദ്ധതി ആരംഭിക്കാത്തത്? | (ബി) | ഇല്ല. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി വിശദമായ പ്രൊപ്പോസൽ നൽകിയ 6 സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റു സ്കൂളുകളിൽ നിന്നും വിശദമായ പ്രൊപ്പോസൽ യഥാസമയം ലഭ്യമാകാത്തതാണ് ഭരണാനുമതി നൽകുന്നതിനും, പദ്ധതി ആരംഭിക്കുന്നതിനും കാലതാമസമുണ്ടാകുന്നതിന് കാരണം |

സെക്ഷൻ ഓഫീസർ